സമ്പൂർണ്ണ വൈദ്യുതീകരണം ആരംഭിച്ച മണ്ഡലങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് നടപടി

132(2388) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം ആരംഭിച്ച മണ്ഡലങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനം നടക്കുന്ന കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച പദ്ധതികളും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 150-ൽ താഴെ വോൾട്ടേജുള്ള പ്രദേശങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്ക് മുൻഗണന നൽകി ചെയ്തുവരുന്നു. കൂടാതെ ഒക്ടോബർ 2009-ൽ വോൾട്ടേജ് അദാലത്ത് നടത്തുകയും വോൾട്ടേജ് കുറവുള്ളതായ സ്ഥലങ്ങളിൽ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 93 പ്രവൃത്തികളിലായി 27.85 കിലോമീറ്റർ 11 കെ. വി. ലൈൻ നിർമ്മിക്കുക, 43 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 1.374 കി.മീ. ത്രീ ഫേസ് ലൈൻ നിർമ്മിക്കുക, 0.85 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ നിർമ്മിക്കുക, 30.8 കിലോമീറ്റർ ലൈൻ കൺവേർഷൻ നടത്തുക എന്നിവ ചെയ്തിട്ടുണ്ട്. 101 പ്രവർത്തികളിലായി 30.865 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുക, 47 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 0.175 കിലോമീറ്റർ ത്രീ ഫേസ് ലൈൻ നിർമ്മിക്കുക, 21.133 കിലോമീറ്റർ ലൈൻ കൺവേർഷൻ നടത്തുക എന്നിവയാണ് ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുക

133(2366) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ വിദ്യുച്ഛക്തി മേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് അസംബ്ലിമണ്ഡലം അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ 76.92 കി. മീറ്റർ 11 കെ.വി. ലൈൻ, 372 കി. മീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 122 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി. കോർപ്പസ് ഫണ്ടിൽ നിന്നും 4.1 ലക്ഷം രൂപ ഉപയോഗിച്ച് കോളനികൾ വൈദ്യുതീകരിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 79.11 ലക്ഷം രൂപ ചെലവഴിച്ച് 4.05 കി.മീ 11 കെ.വി ലൈൻ, 101.737 കി.മീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതുവഴി 2853 സർവ്വീസ് കണക്ഷനുകളും നൽകിയിട്ടുണ്ട്.

(ബി) ബോർഡ് ചെലവഴിച്ച തുകയുടെ അസംബ്ളി മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

അസംബ്ളി മണ്ഡലത്തിന്റെ പേര്	ബോർഡ് ചെലവഴിച്ച ചെലവഴിച്ച തുക (ലക്ഷം)
ഒറ്റപ്പാലം	50.92
ശ്രീകൃഷ്ണപുരം	55.36
പട്ടാമ്പി	0.86
തൃത്താല	33.3
മണ്ണാർക്കാട്	320.92
പാലക്കാട്	46.37
മലമ്പുഴ	98.6
കൊല്ലങ്കോട്	74.6
ചിറ്റൂർ	72.7
ആലത്തൂർ	146.2
കുഴൽമന്ദം	96.17

കൂടാതെ ബോർഡ് കാലാകാലങ്ങളിൽ ടാർജറ്റ് പുതുക്കുന്ന മുറയ്ക്ക് തനത് ഫണ്ട് ഉപയോഗിച്ച് കണക്ഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly